(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് പാൽ എത്തിക്കുന്നത് നിരുൽസാഹപ്പെടുത്തുന്നതിനും കേരളത്തിന്റെ വിപണി ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉദ്ദേശമില്ല.

(ബി) സർക്കാരിന്റെ ഉടമസ്ഥതയിൽ പാൽപ്പൊടി നിർമ്മാണശാല പ്രവർത്തിക്കുന്നില്ല. എന്നാൽ മിൽമയുടെ ഉടമസ്ഥതയിൽ ആലപ്പുഴയിൽ പാൽപ്പൊടി നിർമ്മാണശാല പ്രവർത്തിക്കുന്നുണ്ട്.

(സി) 2004-2005 വർഷത്തെ പ്രൊവിഷണൽ കണക്കുപ്രകാരം പ്രതിമാസം 1.83 ലക്ഷം മെട്രിക്ക് ടൺ പാൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ചതായും അത്രയും പാലിന്റെ ഉപഭോഗം സംസ്ഥാനത്തിനകത്ത് നടന്നതായും കണക്കാക്കപ്പെടുന്നു.

(ഡി) സംഭരണത്തേക്കാൾ വിപണനമുള്ളപ്പോൾ മിൽമ അയൽ സംസ്ഥാന (തമിഴ്നാട്, കർണ്ണാടക) സഹകരണ ക്ഷീരവിപണന ഫെഡറേഷനുകളുമായി കരാറിൽ ഏർപ്പെട്ടു പാൽ കൊണ്ടുവരുന്നുണ്ട്. അതോടൊപ്പം കേരളത്തിന്റെ വിപണി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

മിൽമ പാലിന്റെ വിലവർദ്ധനവ്

285 [1273] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ പാലിന് 2000, 2001, 2002, 2003, 2004 വർഷങ്ങളിലെ മാർച്ച് മാസത്തെ വില എത്രയാണ്;

(ബി) 2005-ൽ മിൽമ പാലിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്നും എത്ര ശതമാനം വർദ്ധനയാണ് നടപ്പിൽ വരുത്തിയതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000, 2001, 2002, 2003, മാർച്ച് മാസത്തെ വിപണന വില 13 രൂപയും, 2004 മാർച്ച് മാസത്തെ വില 14 രൂപയുമാണ്.

(ബി) 2005 ഏപ്രിൽ 21 മുതൽ മിൽമ പാലിന്റെ വില ലിറ്ററിന് 15 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 7.1% വർദ്ധനവാണ് നടപ്പിൽ വരുത്തിയത്.

പാലിന്റെയും ഇറച്ചിക്കോഴിയുടേയും ഉൽപ്പാദനം

286 [1274] *ശ്രീ. ഷിബു ബേബി ജോൺ:*

„ *ടി. എം. ജേക്കബ്:*

„ *ആർ. ബാലകൃഷ്ണപിള്ള:*

„ *കെ. ബി. ഗണേഷ് കുമാർ:*

„ *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly